ആത്മഹത്യാ നിരക്ക്

137 (3740) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കഴിഞ്ഞ '5' വർഷങ്ങളിലായി ഓരോ വർഷവും എത്ര ആത്മഹത്യവീതം നടന്നിട്ടുണ്ടെന്നും അതിൽ പുരുഷന്മാർ, സ്ത്രീകൾ, വിവാഹിതർ, വിദ്യാർത്ഥികൾ, തൊഴിൽരഹിതർ, വിദേശത്ത് തൊഴിൽ ചെയ്ത് മടങ്ങിയവർ എത്ര വീതമെന്നും വ്യക്തമാക്കാമോ ;

(ബി) ഇൻഡ്യയിൽ ആത്മഹത്യാനിരക്കിന്റെ കാര്യത്തിൽ കേരളത്തിന് എത്രാമത്തെ സ്ഥാനമാണുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) കേരളത്തിൽ ആത്മഹത്യാനിരക്ക് കൂട്ടുവാനുള്ള കാരണങ്ങൾ സംബന്ധിച്ച് സർക്കാറിന്റെ കീഴിലുള്ള ഏതെങ്കിലും ആരോഗ്യസ്ഥാപനങ്ങൾ പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) കേരളീയരിൽ കൂടിവരുന്ന ആത്മഹത്യാ പ്രവണത കുറയ്ക്കാൻ സർക്കാറിന്റെ ഭാഗത്തുനിന്ന് എന്തൊക്കെ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* .

(ബി) 2000-ാമാണ്ടിലെ എൻ. സി. ആർ. ബി. പ്രസിദ്ധീകരണം (ആക്സിഡന്റ് ഡെത്ത് ആൻഡ് സൂയിസൈഡ്) അനുസരിച്ച് ആത്മഹത്യാനിരക്കിന്റെ കാര്യത്തിൽ കേരളം ഒന്നാം സ്ഥാനത്താണ്. (റേറ്റ് 28.8%)

(സി&ഡി) വിവരം ശേഖരിച്ചു വരുന്നു.

ഭാഷാ ന്യൂനപക്ഷത്തിന്റെ പരിരക്ഷ ലഭിക്കുന്ന പ്രദേശങ്ങൾ

138 (3742) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭാഷാ ന്യൂനപക്ഷത്തിന്റെ പരിരക്ഷ ലഭിക്കുന്നത് ഏതെല്ലാം പ്രദേശങ്ങൾക്കാണെന്നും, ഇത് എന്നു മുതൽ പ്രാബല്യത്തിൽ വന്നു എന്നും വ്യക്തമാക്കാമോ ;

(ബി) ഭാഷാ ന്യൂനപക്ഷ ജില്ലകളിലെ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥരായി ന്യൂനപക്ഷ ഭാഷാ പരിജ്ഞാനമുള്ളവരെ നിയമിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതു സംബന്ധമായ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കാസർഗോഡ് ജില്ലയിൽ ഇതുവരെയായി ഭാഷാ ന്യൂനപക്ഷത്തിന്റെ പരിരക്ഷ നൽകി എത്രപേരെ എക്സിക്യൂട്ടീവ് തസ്തികയിലേയ്ക്ക് നിയമിച്ചിട്ടുണ്ടെന്നും അവർ ആരൊക്കെയാണെന്നും അവരിൽ ഔട്ട് ഓഫ് ടേൺ ആയി എത്രപേരെ പ്രൊമോട്ട് ചെയ്തെന്നും വ്യക്തമാക്കാമോ ;

(ഇ) പോലീസ് വകുപ്പിൽ ഇതുവരെ ആരെയൊക്കെ ഇപ്രകാരം നിയമിച്ചു എന്ന് വ്യക്തമാക്കാമോ ;

(എഫ്) നിയമിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(ജി) പോലീസ് വകുപ്പിൽ ഇതുസംബന്ധമായി അപേക്ഷ ലഭിച്ചിട്ടുണ്ടോ ;

(എച്ച്) ഉണ്ടെങ്കിൽ ആരുടെയൊക്കെ അപേക്ഷകളാണ് ലഭിച്ചതെന്നും, അത് എന്നത്തേക്ക് തീർപ്പാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിനും, ഇടുക്കി ജില്ലയിൽ പീരുമേട്, ഉടുമ്പൻചോല, ദേവികുളം എന്നീ താലൂക്കുകൾക്കും പാലക്കാട് ജില്ലയിലെ ചിറ്റൂർ, പാലക്കാട് എന്നീ താലൂക്കുകൾക്കും 21-3-1966 മുതൽ തമിഴ് ഭാഷാന്യൂനപക്ഷ പ്രദേശത്തിന്റെയും കാസർഗോഡ് ജില്ലയിലെ കാസർഗോഡ് താലൂക്കിന് 1984 മുതൽ കന്നഡ ഭാഷാ ന്യൂനപക്ഷപ്രദേശത്തിന്റെയും പരിരക്ഷ ലഭിക്കുന്നു.

(ബി) ന്യൂപക്ഷ ഭാഷാ പരിജ്ഞാനമുള്ളവരെ മാത്രമേ ജില്ലാതല എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥരായി നിയമിക്കാവൂ എന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടില്ല. എങ്കിലും ഭാഷാ ന്യൂനപക്ഷ വിഭാഗങ്ങൾ കൂടുതലുള്ള പ്രദേശങ്ങളിലെ സർക്കാർ ഓഫീസുകളിൽ ഒഴിവു വരുന്ന ഗസറ്റഡ് എക്സിക്യൂട്ടീവ് തസ്തികകളിലേക്ക് ന്യൂനപക്ഷ ഭാഷാ പരിജ്ഞാനമുള്ളവരെ ഔട്ട് ഓഫ് ടേൺ പ്രമോഷൻ നൽകി നിയമിക്കാമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇതു സംബന്ധമായ 31-10-1962-ലെ ജി.ഒ.(എം.എസ്) 606/62/പിഡി 27-7-1983-ലെ ജി.ഒ.(എം.എസ്) 344/83 പിഡി എന്നീ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി)

ഇടക്കാല മറുപടി : പട്ടികജാതി വികസന വകുപ്പ്, ട്രഷറി, പഞ്ചായത്ത് എന്നീ വകുപ്പുകളിലെ വിവിധ ആഫീസുകളിലായി 15 പേരെ നിയമിച്ചിട്ടുണ്ട്. ഇവരുടെ പേരും മറ്റു വിവരങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.* കൂടാതെ പോലീസ് വകുപ്പിൽ നിയമിക്കപ്പെട്ടവരുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* മറ്റു വകുപ്പുകളെ സംബന്ധിക്കുന്ന വിവരം ശേഖരിച്ചു നൽകുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അന്തിമ മറുപടി : ഇടക്കാല മറുപടിയിൽ പറഞ്ഞിട്ടുള്ളത് കൂടാതെ കാസർഗോഡ് അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണറുടെ ഓഫീസിൽ ഭാഷാ ന്യൂനപക്ഷ പരിരക്ഷ നൽകി ശ്രീ. പി. ഡി. മുരളീധരൻ പിള്ളയെ ബ്ലോക്ക് ഡെവലപ്മെന്റ് ആഫീസറായി നിയമിച്ചിട്ടുണ്ട്.

(ഇ&എഫ്) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ജി) ഉണ്ട്.

(എച്ച്) ശ്രീ. ശ്രീധരൻ, എച്ച്.സി.3374, ശ്രീമതി ഹീരാദേവി വനിതാ എച്ച്.സി 723 എന്നിവർ കാസർഗോഡ് എസ്.പി. മുഖാന്തിരവും, ശ്രീ. പരമേശ്വരൻ എച്ച്.സി. 2269, ശ്രീ. വെങ്കിടാചലം എച്ച്.സി.2360, ശ്രീ. സുന്ദരേശൻ, പി.സി. 3049, ശ്രീ.ആന്റണി മുതലിമുത്തു പി.സി. 3222, ശ്രീ. മോഹനൻ പി.സി. 2862, ശ്രീ.സുധാകരൻ പി.സി.3023, ശ്രീ. പീറ്റർ തോമസ്, ജൂനിയർ സൂപ്രണ്ട് തുടങ്ങിയവർ പാലക്കാട് എസ്.പി. മുഖാന്തിരവും നൽകിയിട്ടുള്ള അപേക്ഷകൾ പോലീസ് ഹെഡ് ക്വാർട്ടേഴ്സിൽ പരിഗണനയിലാണ്.

ഭാഷാ ന്യൂനപക്ഷ പരിരക്ഷ

139 (3743) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ ഏതെല്ലാം ഓഫീസുകളിൽ ഭാഷാ ന്യൂനപക്ഷക്കാർ ജില്ലാ ഓഫീസറായി നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ജില്ലാ പട്ടികജാതി വികസന ഓഫീസർ തസ്തികയിലേക്ക് ന്യൂനപക്ഷ ഭാഷാ പരിജ്ഞാനമുള്ളവരെ നിയമിക്കണം എന്ന് കോടതി വിധി നിലവിലുണ്ടോ ;

(സി) എങ്കിൽ വിധിയുടെ പകർപ്പു ലഭ്യമാക്കാമോ ;

(ഡി) പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ ;

(ഇ) ജില്ലാ പട്ടികജാതി ഓഫീസറായി ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽ നിന്നുള്ള ഒരാളെ നിയമിക്കാൻ വേണ്ട നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ;

(എഫ്) കാസർഗോഡ് താലൂക്ക് കണ്ണൂർ ജില്ലയുടെ ഭാഗമായിരുന്നപ്പോൾ ഭാഷാ ന്യൂനപക്ഷ വിഭാഗത്തിന് കിട്ടിയ പരിരക്ഷ കാസർഗോഡ് ജില്ല നിലവിൽ വന്നതിനുശേഷം ലഭിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) ജില്ലാ മണ്ണ് സംരക്ഷണ കാര്യാലയത്തിൽ ഭാഷാ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥൻ ജില്ലാ ഓഫീസറായി പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly